# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2163** **11.03.2020-ൽ മറുപടിക്ക്**

## എൽ.ഇ.ഡി. ബൾബുകൾ

| | ചോദ്യം<br><br>ശ്രീ. യു. ആർ. പ്രദീപ് | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവിനേക്കാൾ ലാഭകരം വൈദ്യുതിയുടെ അമിത ഉപയോഗം മൂലമുള്ള ചെലവ് കുറയ്ക്കുന്നതാണ് എന്നത് കണക്കിലെടുത്ത് ഫിലമെന്റ് ബൾബുകൾക്കും, സി.എഫ്.എൽ. ബൾബുകൾക്കും പകരം കൂടുതൽ എൽ. ഇ. ഡി. ബൾബുകൾ ഉപയോഗത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) | ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപരം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും സി.എഫ്.എല്ലുകളും, ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി എൽ.ഇ.ഡി വിളക്കുകളിലേക്കു മാറ്റുന്നതിനുള്ള 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. മാറ്റി നൽകുന്ന എൽ.ഇ.ഡി ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാം എന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകും എന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ എൽ.ഇ.ഡി ബൾബുകൾ വാങ്ങുന്നതിനായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെടുന്ന ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽ നിന്ന് തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>• തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കാര്യക്ഷമതകുറഞ്ഞ വൈദ്യുത വിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി വിളക്കുകളാക്കി മാറ്റുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.<br>• ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജകാര്യക്ഷമമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>• കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലും, കോട്ടയ്ക്കൽ മുനിസിപ്പാലിറ്റികളിലും എൽ.ഇ.ഡി ആക്കുന്നതിനുള്ള പദ്ധതിയ്ക്ക് സാങ്കേതിക സഹായം നൽകുന്നുണ്ട്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൽ. ഇ. ഡി തെരുവ് വിളക്കുകളാക്കുന്നതിനുള്ള വിശദപഠനം നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | എൽ.ഇ.ഡി. ബൾബുകൾ വ്യാപകമായി ഉപയോഗിക്കുന്നതിനായി ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ടോ; ഈ ബോധവൽക്കരണ പരിപാടികളിൽ കുടുംബശ്രീ യൂണിറ്റുകളെയും അംഗങ്ങളെയും ആകർഷിക്കുന്ന തരത്തിലും അവർ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്ന തരത്തിലും ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഊർജ്ജ ക്ലാസുകളുടെ സംഘാടനവും ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ജനകീയ കാമ്പയിനിന്റെ ഭാഗമായി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങളോടൊപ്പം ഊർജ്ജ ഉല്പാദന മാർഗ്ഗങ്ങളും ഊർജ്ജ ഭദ്രത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും ഊർജ്ജ സംരക്ഷണം വൈദ്യുതി അപകടങ്ങളുടെ സാധ്യത തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസുകളാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന തല സമിതിയും, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായുള്ള ജില്ലാ തല സമിതികളും, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ ചെയർമാനായുള്ള ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻതല സമിതികളും രൂപീകരിച്ചു സർക്കാർ 20.01.2020-നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന തല സമിതിയിൽ കുടുംബശ്രീ ഡയറക്ടറും, ജില്ലാ തല സമിതികളിൽ കുടുംബശ്രീയുടെ ജില്ലാ തല പ്രതിനിധിയും, ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ തല സമിതികളിൽ കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലഭ്യമായ പ്രതിനിധികളും അംഗങ്ങളാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ തല സമിതിയുടെയും ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ തല സമിതിയുടെയും രൂപീകരണം സംബന്ധിച്ച ഉത്തരവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് പുറപ്പെടുവിക്കുന്നത്.<br>എനർജി മാനേജ്മെന്റ് സെന്ററിന്റെ ബോധവൽക്കരണ പരിപാടികളിലെല്ലാം ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളെപ്പറ്റി ക്ലാസ്സുകൾ നൽകാറുണ്ട്. വനിതാ വാളണ്ടിയർമാർ മുഖേന നടത്തുന്ന ഊർജ്ജക്ലിനിക്ക് പരിപാടിയിൽ അതാതു പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളായ വീട്ടമ്മമാരും പങ്കെടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ